# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: C2-11864/18. തീയതി: 11.09.2018.

വിഷയം: സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജൻഡർ ക്ഷേമം - സെൻസിറ്റൈസേഷൻ പ്രോഗ്രാം - തിരഞ്ഞെടുക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കൽ - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: G.O(Rt)No.242/2018/SJD, dtd: 20.4.2018.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ഡൻഡർ പോളിസിയുടെ ഭാഗമായി നിരവധി ക്ഷേമ പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ട്രാൻസ് ജൻഡർ വ്യക്തികൾ നേരിടേണ്ടിവരുന്ന വിവേചനങ്ങളും മനുഷ്യാവകാശ ലംഘനങ്ങളും അവസാനിപ്പിക്കുന്നതിനും സേവനങ്ങളുടെ ലഭ്യതയും തുല്യ അവകാശങ്ങളും ഉറപ്പു വരുത്തുന്നതിനും പൊതു സമൂഹത്തിലെന്നപോലെ വിദ്യാർത്ഥികൾക്കിടയിലും വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിലും 5 വീതം ഹയർ സെക്കണ്ടറി സ്കൂളുകളെയും കോളേജുകളെയും തിരഞ്ഞെടുത്ത് (ഒരു ജില്ലയിൽ പരമാവധി 10 സ്ഥാപനങ്ങൾ എന്ന ക്രമത്തിൽ സംസ്ഥാനത്ത് ആകെ 140 സ്ഥാപനങ്ങൾ) ബോധവൽക്കരണ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ബന്ധപ്പെട്ട സ്കൂൾ / കേളേജ് അധികൃതരുമായി ചർച്ച നടത്തി ഓരോ ജില്ലയിലും 5 വീതം സ്കൂളുകളെയും കോളേജുകളെയും (ഒരു ജില്ലയിൽ ആകെ 10 എണ്ണം) തിരഞ്ഞെടുക്കേണ്ടതാണ്.

2. സ്കൂൾ / കോളേജ് അധികൃതർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, PTA ഭാരവാഹികൾ എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റി ഇതു സംബന്ധിച്ച് വിശദമായ ചർച്ച നടത്തി ഉചിതമായ തീയതിയും സമയവും ഉറപ്പാക്കേണ്ടതും പ്രോഗ്രാം ഷെഡ്യൂൾ തയ്യാറാക്കേണ്ടതുമാണ്.

3. ബോധവൽക്കരണ ക്ലാസ്സ് വിഷയവുമായി ബന്ധപ്പെട്ട ക്വിസ് പ്രോഗ്രാം, പെയിന്റിംഗ് കോമ്പറ്റീഷൻ, ട്രാൻസ്ജൻഡർ വിദ്യാർത്ഥികളുമായുള്ള ഇന്ററാക്ഷൻ എന്നിവ നിർബന്ധമായും പ്രോഗ്രാമിൽ ഉൾപ്പെടുത്തേണ്ടതാണ്.

4. സ്ഥാപനത്തിൽ നിലവിലുള്ള ട്രാൻസ്ജൻഡർ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉതകുന്ന തരത്തിലും മറ്റ് വിദ്യാർത്ഥികൾക്ക് ഇതു സംബന്ധിച്ച് വ്യക്തമായ അവബോധം ലഭ്യമാകുന്ന തരത്തിലും ആയിരിക്കണം പ്രോഗ്രാമുകൾ രൂപപ്പെടുത്തേണ്ടത്.

5. ഓരോ സ്ഥാപനത്തിലും 4 വീതം പ്രോഗ്രാമുകൾ സംഘടിപ്പിക്കേണ്ടതാണ്.

6. ഫാക്കൽറ്റിയെ തിരഞ്ഞെടുക്കുമ്പോൾ ഈ മേഖലയിൽ അവഗാഹമുള്ള വ്യക്തിയെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഫാക്കൽറ്റിയെ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ ആവശ്യമെങ്കിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചു വരുന്ന ട്രാൻസ്ജൻഡർ സെല്ലിന്റെ അഭിപ്രായം തേടാവുന്നതാണ്.

db@

ആക്ഷൻ പ്ലാൻ

| ക്രമ നം. | ഘട്ടങ്ങൾ | സമയപരിധി | അഭിപ്രായം |
|---|---|---|---|
| 1. | സ്കൂൾ / കോളേജുകളുടെ തെരഞ്ഞെടുക്കൽ | 2018 സെപ്റ്റംബർ 25നകം | -- |
| 2. | ഫാക്കൽറ്റിയെ കണ്ടെത്തലും പ്രോഗ്രാം ഷെഡ്യൂൾ തയ്യാറാക്കലും | 2018 ഒക്ടോബർ 15 നകം | -- |
| 3. | സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ | 2018 ഒക്ടോബർ 15 മുതൽ നവംബർ 30 നകം | -- |

മേൽ വിവരിച്ചതിൻ പ്രകാരം സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിപുലമായ ട്രാൻസ്ജൻഡർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്ഥാപനത്തിന് 10,000/- രൂപാ ക്രമത്തിൽ ഒരു ജില്ലയ്ക്ക് 1 ലക്ഷം രൂപ (ഒരു ലക്ഷം രൂപാ മാത്രം) ആവശ്യമായി വരും. ഈ സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ട്രാൻസ്ജൻഡർ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 1 ലക്ഷം രൂപാ ക്രമത്തിൽ ആകെ 14 ലക്ഷം രൂപ (പതിനാല് ലക്ഷം രൂപാ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ട്രാൻസ്ജൻഡർ ക്ഷേമം മുൻനിർത്തി വകുപ്പ് സംഘടിപ്പിക്കുന്ന പ്രസ്തുത ബോധവൽക്കരണ പരിപാടികൾ പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

ഇതിലേക്കാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-60-200-64 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ചിലവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട്, സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ യഥാസമയം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:

1. സൂപ്രണ്ട്, എ-സെക്ഷൻ.
2. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@